II. **ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** (5 x 5 = 25)

26. സമകാലമലയാളനോവലിൽ എഴുത്തുകാരികൾ സൃഷ്ടിച്ച ഭാവുകത്വപരിണാമം വിലയിരുത്തുക.

27 രീതിരാത്മാ കാവ്യസ്യ - വിശദീകരിക്കുക.

28. കേരളത്തിന്റെ പൈതൃക ടൂറിസം സാധ്യതകളെക്കുറിച്ച് ഉപന്യസിക്കുക.

29. മലയാളത്തിലെ ടെലിവിഷൻ സീരിയൽ പ്രോഗ്രാമുകൾ മുന്നോട്ടുവയ്ക്കുന്ന സാംസ്കാരിക ലോകത്തെ വിമർശകനാത്മകമായി പരിശോധിക്കുക.

30. ദളിത്, സ്ത്രീ, പരിസ്ഥിതി കാഴ്ചപ്പാടുകൾ കേരളത്തെ ജനായത്തവൽക്കരിക്കുന്നു - ചർച്ച ചെയ്യുക.

31. ജാതി മലയാളസാഹിത്യത്തിന്റെ ആധുനികീകരണത്തെ തടസ്സപ്പെടുത്തിയതെങ്ങനെ?

32. മ്യൂസിയങ്ങളെ വിദ്യാവിനോദകേന്ദ്രങ്ങൾ എന്ന് വിശേഷിപ്പിക്കാമോ ചർച്ച ചെയ്യുക.

33 ബിരുദാനന്തരബിരുദതലത്തിലെ മലയാളഭാഷാസാഹിത്യപഠനത്തിൽ പ്രാചീന ലിപി പഠനം പ്രസക്തമാണോ? സ്വാഭിപ്രായം വിശദമാക്കുക.

--***--

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

---

## എം. എ പ്രവേശനപരീക്ഷ - 2025

---

## എം.എ മലയാളം (സംസ്കാരപൈതൃകപഠനം)

### കോഴ്സ് കോഡ് : MUE 25 CHS - 04

1. പരീക്ഷാഹാളിൽ അച്ചടക്കം പാലിക്കേണ്ടതാണ്.
2. പരീക്ഷാജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാണ്. നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുന്നത് ഉൾപ്പടെ എല്ലാത്തരം പരീക്ഷാക്രമക്കേടും പരീക്ഷ അസാധുവാക്കുന്നതിന് കാരണമാകും.
3. ഉത്തരക്കടലാസ് അന്യോന്യം കൈമാറാൻ ശ്രമിക്കരുത്.
4. പരീക്ഷാഹാളിൽ മൊബൈൽ ഫോണിന്റെ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം അനുവദിക്കുന്നതല്ല.
5. രജിസ്റ്റർ നമ്പർ വ്യക്തമായി എഴുതി എന്ന് ഉറപ്പുവരുത്തുക.
6. ഉപയോഗിക്കുന്ന അഡീഷണൽ ഷീറ്റുകളുടെ എണ്ണം ഉത്തരക്കടലാസിൽ നിർദ്ദിഷ്ടസ്ഥാനത്ത് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
7. കുറഞ്ഞത് 20 മാർക്ക് കിട്ടിയെങ്കിൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ.
8. ഒരു മണിക്കൂർ കഴിയുമ്പോൾ ഒന്നാം വിഷയത്തിന്റെ പരീക്ഷയെഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.
9. രണ്ടു മണിക്കൂർ കഴിയുമ്പോൾ രണ്ടാം വിഷയത്തിന്റെ പരീക്ഷയെഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.

I. 1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം തെരഞ്ഞെടുത്തെഴുതുക (01 x 25= 25)

1. കോട്ടയം സി എം എസ് പ്രസ്സ് സ്ഥാപിതമായ വർഷം
   a. 1881  b. 1821
   c. 1841  d. 1861

2. മലയാളത്തിലെ ആദ്യത്തെ അപസർപ്പക നോവൽ
   a. ഭാസ്കരമേനോൻ  b. മരണത്തിന്റെ തിരക്കഥ
   c. കോഫീഹൗസ്  d. കാളരാത്രി

3. നളചരിതം ആട്ടക്കഥയെ 'കേരളത്തിന്റെ ശാകുന്തളം' എന്ന് വിശേഷിപ്പിച്ചത്?
   a. മാരാർ  b. എം. പി. പോൾ
   c. മുണ്ടശ്ശേരി  d. കേസരി

4. ആത്രേയകം രചിച്ചത്?
   a. കെ. ആർ. മീര  b. ജിസ ജോസ്
   c. ഷീല ടോമി  d. ആർ. രാജശ്രീ

5. അർത്ഥപ്രദാനശേഷിയുള്ള ഏറ്റവും ചെറിയ ഭാഷാഘടകം?
   a. സ്വനം  b. സ്വനിമം
   c. രൂപിമം  d. വാക്യം

6. ധ്വന്യാലോകം രചിച്ചത്?
   a. ഭരതൻ  b. ആനന്ദവർദ്ധനൻ
   c. മമ്മടൻ  d. കുന്തകൻ

7. റോമൻ നാണയങ്ങൾ കണ്ടെടുക്കപ്പെട്ട പ്രാചീന തുറമുഖം?
   a. കോഴിക്കോട്  b. കൊല്ലം
   c. മുസിരിസ്  d. വിഴിഞ്ഞം

8. 'കേരള സിംഹം' എന്ന് വിശേഷിപ്പിക്കപ്പെടുന്നതാര്?
   a. ശക്തൻ തമ്പുരാൻ  b. പഴശ്ശിരാജ
   c. മാർത്താണ്ഡവർമ്മ  d. വേലുത്തമ്പി ദളവ

9. 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന സന്ദേശം നൽകിയതാര്?
   a. ചട്ടമ്പി സ്വാമികൾ  b. അയ്യങ്കാളി
   c. ശ്രീനാരായണഗുരു  d. വാഗ്ഭടാനന്ദൻ

10. മലബാർ കലാപം നടന്ന വർഷം?
   a. 1920  b. 1921
   c. 1922  d. 1919

11. 'കൃഷ്ണഗാഥ'യുടെ രചയിതാവ് ആര്?
   a. എഴുത്തച്ഛൻ  b. ചെറുശ്ശേരി
   c. കുഞ്ചൻ നമ്പ്യാർ  d. പൂന്താനം

12 കേരളത്തിലെ ഏറ്റവും വലിയ കായൽ ഏത്?
   a. അഷ്ടമുടി കായൽ  b. ശാസ്താംകോട്ട കായൽ
   c. വേമ്പനാട്ട് കായൽ  d. വെള്ളായണി കായൽ

13. ഗദ്യമെന്നുപറയാവുന്ന ഗദ്യം മലയാളത്തിൽ മിഷണറിമാരുടെ സംഭാവനയാണ് - ആരുടെ പ്രസ്താവന ?
   a. പി.വി.വേലായുധൻ പിള്ള  b. എ.സി ശേഖർ
   c. സ്കറിയാ സക്കറിയ  d. പി.കെ. ബാലകൃഷ്ണൻ



14. വാമൊഴിയിൽ ഉടൽപൂണ്ട ഗദ്യം - ഈ നിരീക്ഷണത്തിന് ആധാരമായ ഗദ്യസാഹിത്യം:
   a. നമ്പ്യാന്തമിഴ്  b. മിഷനറി ഗദ്യം
   c. മണിപ്രവാളം  d. ശാസന ഗദ്യം

15. മലയാളത്തിലെ പ്രഥമ ഗദ്യഗ്രന്ഥം:
   a. ബ്രഹ്മാണ്ഡപുരാണം ഗദ്യം  b. ഭാഷാകൗടലീയം
   c. വർത്തമാനപുസ്തകം  d. വേദതർക്കം

16. പുണർന്നു പേറുന്നതെല്ലാമൊരിനമാം പുണരാത്തതിനമല്ല - എന്ന് ജാതിയെ ശരീരനിഷ്ഠമായി വിശദീകരിച്ചത് ?
   a. നാരായണ ഗുരു  b. കുറുമ്പൻ ദൈവത്താൻ
   c. വാഗ്ഭടാനന്ദൻ  d. പൊയ്കയിൽ അപ്പച്ചൻ

17. സാധുജനപരിപാലിനി എന്ന മാസിക ആരംഭിച്ചത് ആരുടെ നേതൃത്വത്തിൽ ?
   a. അയ്യങ്കാളി  b. വെള്ളിക്കര ചോതി
   c. പണ്ഡിറ്റ് കറുപ്പൻ  d. ശുഭാനന്ദ ഗുരു

18. തിഗലാരി എന്നത്.. ....... ആണ്.
   a. ലിപി  b. ഭാഷ
   c. വ്യാകരണ ഗ്രന്ഥം  d. എഴുത്തുപ്രതലം

19. മലയാള സർവകലാശാല മ്യൂസിയം ഏത് വിഭാഗത്തിൽ പെടുന്നു?
   a. വെർച്ചൽ മ്യൂസിയം  b. ആർട്ട് മ്യൂസിയം
   c. സൈറ്റ് മ്യൂസിയം  d. പൈതൃക മ്യൂസിയം

20. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല സ്ഥാപിതമായ വർഷം
   a. 2010  b. 2011
   c. 2012  d. 2013

21. സംഘകാലഘട്ടത്തിൽ കേരളം ഉൾപ്പെടുന്ന പ്രദേശം ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത് ?
   a. കുട്ടനാട്  b. വേണാട്
   c. ഏഴിമല രാജ്യം  d. ചേരരാജ്യം

22. 'ഖസാക്കിന്റെ ഇതിഹാസം' എന്ന പ്രസിദ്ധ നോവൽ രചിച്ചതാര്?
   a. എം.ടി. വാസുദേവൻ നായർ  b. ഒ.വി. വിജയൻ
   c. തകഴി ശിവശങ്കരപ്പിള്ള  d. വൈക്കം മുഹമ്മദ് ബഷീർ

23. കേരളത്തിലെ താളിയോല രേഖാമ്യൂസിയം സ്ഥിതിചെയ്യുന്ന ജില്ല?
   a. തിരുവനന്തപുരം  b. എറണാകുളം
   c. കോഴിക്കോട്  d. മലപ്പുറം

24. ഹസ്തലിഖിതവിജ്ഞാനീയം തത്തുല്യപദം ഏത്?
   a. കാലിഗ്രാഫി  b. പാലിയോഗ്രാഫി
   c. എപ്പിഗ്രാഫി  d. മാനുസ്ക്രിപ്റ്റോളജി

25. "അതിനെ സ്വരമായിട്ടെ വകവയ്ക്കേണ്ട സന്ധിയിൽ" - ഏതിനെ?
   a. വിസർഗ്ഗം  b. സംവൃതം
   c. കൂട്ടക്ഷരം  d. ചില്ല്